# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1155 — 13/12/2012 -ൽ മറുപടിക്ക്

## പുകയില വിമുക്ത വിദ്യാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാലയങ്ങൾ പുകയില വിമുക്തമാക്കുന്നതിന് എന്തെല്ലാം കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) വിദ്യാലയങ്ങൾ പുകയില വിമുക്തമാക്കുന്നതിനായി സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ച് വരുന്നു. പുകയില നിരോധന നിയമം (COPTA) കർശനമായി നടപ്പിലാക്കുവാനായി 17/5/12 തീയതിയിലെ ജി.ഒ.(ആർ.റ്റി) 1479/12/ഹോം പ്രകാരം രൂപീകരിച്ചിട്ടുള്ള സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ പരിസരത്ത് പുകയില ഉൽപന്നങ്ങളുടെ വിപണനവും ശേഖരണവും തടയുന്നുണ്ട്. കൂടാതെ സ്കൂൾ പുകയില വിമുക്ത മേഖലയാണെന്ന് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഭരണതലത്തിൽ നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) ഇതു സംബന്ധിച്ച് 17/5/12-ലെ ജി.ഒ. (ആർ.റ്റി)നം:1479/12/ഹോം (**അനുബന്ധംI**) പോലീസ് മേധാവിയുടെ സർക്കുലർ നം: U4/2799/11 (അനുബന്ധം II), പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എം.4/76036/11/ഡി.പി.ഐ (അനുബന്ധം III) എന്നിവ മുഖേന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിദ്യാർത്ഥികൾക്കിടയിൽ ഇതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) | പുകയില വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ച് എൻ.സി.സി, സ്കൗട്ട് & ഗൈഡ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജെ.ആർ.സി എന്നിവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. എല്ലാ വർഷവും പുകയില വിരുദ്ധ ദിനം സ്കൂളുകളിൽ ആചരിച്ചു വരുന്നു. ഈ ദിവസങ്ങളിൽ സെമിനാറുകൾ, റാലികൾ തുടങ്ങിയവ സംഘടിപ്പിക്കുകയും പുകയില വിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുന്നു. ആർ.സി.സി., മലബാർ കാൻസർ സെന്റർ തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) | നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോ; എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. | (ഡി) | 17-5-2012-ലെ ജി.ഒ.(ആർ.റ്റി)1479/12/ഹോം പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ച് വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**